**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6639** **21-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ സിവിൽ സ്റ്റേഷൻ രണ്ടാം നില നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാത്തന്നൂർ സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാത്തന്നൂർ സിവിൽ സ്റ്റേഷന്റെ രണ്ടാം നിലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 1,99,95,867/- രൂപയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ച പ്രവൃത്തിയ്ക്ക് 31.03.2022-ൽ 199.95 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. മുകളിലത്തെ നിലയിൽ കോൺക്രീറ്റ് സ്ട്രക്ച്ചർ നിർമ്മിക്കുവാൻ സാധിക്കാത്തതിനാൽ സ്റ്റീൽ സ്ട്രക്ച്ചറാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 13.06.2022-ൽ സ്റ്റീൽ സ്ട്രക്ച്ചർ ഡിസൈൻ ചെയ്യുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എച്ച്.ആർ.ഐ ഇന്നവേറ്റീവ് ഡിസൈൻ വിംഗിൽ കത്ത് നൽകുകയും അവിടെ നിന്നും ഡിസൈൻ ചെയ്ത സ്ട്രക്ച്ചറൽ ഡ്രോയിംഗ് 10.11.2022-ൽ ലഭിച്ചതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു.<br><br>എന്നാൽ ഡിസംബറിൽ ബഹു. ചാത്തന്നൂർ എം.എൽ.എ ശ്രീ.ജി.എസ്.ജയലാൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന CMT മീറ്റിംഗിൽ പ്രസ്തുത കെട്ടിടത്തിൽ ലിഫ്റ്റ് കൂടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിനുള്ള സ്ഥലം നിർദ്ദേശിച്ചിരിക്കുന്നത് കോർട്ടിയാർഡിൽ ആണ്. എന്നാൽ കെ.എച്ച്.ആർ.ഐ-ൽ നിന്നും ലഭിച്ച ഡ്രോയിംഗിൽ കോർട്ടിയാർഡിന്റെ മുകൾ ഭാഗത്ത് ട്രെസ് വർക്കോടുകൂടിയ റൂഫാണ് നൽകിയിട്ടുള്ളത്. കൂടാതെ 06.01.2023-ൽ ബഹു. ശ്രീ.ജി.എസ്.ജയലാൽ എം.എൽ.എ ഉൾപ്പെട്ട മീറ്റിംഗിൽ രണ്ട് ഓഫീസ് റൂമുകൾ ചേർത്ത് ഒരു കോൺഫറൻസ് ഹാൾ ആക്കാനും അതിനുള്ളിൽ ഒരു ടോയലറ്റ് നില നിർത്താനും ചെറിയ കോൺഫറൻസ് ഹാൾ ഓഫീസാക്കി മാറ്റുവാനും നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾ എല്ലാം ഉൾപ്പെടുത്തി കെ.എച്ച്.ആർ.ഐയുടെ ഇന്നവേറ്റീവ് |

| | | | |
|---|---|---|---|
| | | | ഡിസൈനിലേയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ റീ-ഡിസൈൻ ചെയ്യാൻ നൽകിയതിനെ തുടർന്ന് 25.02.2023-ൽ പുതുക്കിയ സ്ട്രക്ചറൽ ഡ്രോയിംഗ് ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ റ്റി. എസ് എസ്റ്റിമേറ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും, എക്സിക്യൂട്ടീവ് എഞ്ചിനീയർ 15.03.2023-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെട്ടിട വിഭാഗം, ദക്ഷിണമേഖല തിരുവനന്തപുരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ചാത്തന്നൂർ സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സാങ്കേതികാനുമതിക്കുള്ള പരിശോധന നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ